## തത്വവിചാരം (തത്വചിന്തയെ പരിചയപ്പെടുത്തുന്ന പംക്തി - 3)

**മുകുന്ദനുണ്ണി**

# വാദവും യുക്തിയും

**ഫിലോസഫി** എന്നാൽ വിവേകത്തോടുള്ള ഇഷ്ടമാണ്. പുരാതന ഗ്രീക്കുകാർക്ക് വിവേകം, ധാർമ്മികമായ നന്മ, യുക്തി എന്നിവ വേറിട്ട ഗുണങ്ങളായിരുന്നില്ല. അവ ഓരോന്നും ആരെഹ്തി (arete) ആയിരുന്നു. ഏറ്റവും മികച്ച ജീവിതരീതിയാണ് ആരെഹ്തി. ആരെഹ്തി സന്തോഷത്തിലേയ്ക്കും സംതൃപ്തിയിലേയ്ക്കും നയിക്കും. തത്വചിന്തകർ ഈ വകകളെ സാക്ഷാത്കരിക്കാനാണ് പ്രയത്നിച്ചത്. തത്വചിന്ത ആ യത്നത്തിന്റെ പാതയായിരുന്നു. വിവേകത്തോടുള്ള ഇഷ്ടത്തിൽനിന്ന് യുക്തിയോടുള്ള ഇഷ്ടം എന്ന നിലയിലേയ്ക്ക് ആധുനിക തത്വചിന്ത ഏറെക്കുറെ മാറിയിട്ടുണ്ട്. പ്രത്യേകിച്ച് അനലിറ്റിക് തത്വചിന്ത. പ്രശ്നങ്ങളേയും സങ്കൽപ്പങ്ങളേയും പരിമിതപ്പെടുത്തി ഗാഢമായ അപഗ്രഥനത്തിന് വിധേയമാക്കുന്ന പ്രവണതയിൽ ഈ മാറ്റത്തിന്റെ മാറ്റൊലികളുണ്ട്. 'എന്തിനെ കുറിച്ച് ഒരാൾക്ക് പറയാനാകില്ല, അതിനെ കുറിച്ച് അയാൾ നിശബ്ദനായിരിക്കണം' (Whereof one cannot speak, thereof one must be silent). തികച്ചും കൃത്യവും യുക്തിപൂർണ്ണവുമായ ഒരു ഭാഷയെ ലക്ഷ്യം വെച്ചുകൊണ്ടുള്ളതാണ് വിറ്റ്ഗെൻസ്റ്റൈനിന്റെ ഈ വാക്കുകൾ. വസ്തുതകളെക്കുറിച്ചുള്ള പ്രസ്താവങ്ങൾ അതിഭൗതികമാവാതിരിക്കാനുള്ള ഓർമ്മപ്പെടുത്തലായും ഈ വാക്യത്തെ മനസ്സിലാക്കാവുന്നതാണ്.

യുക്തിയിലേയ്ക്കുള്ള മാറ്റം പ്ലാറ്റോയിലേ തുടങ്ങിയിട്ടുണ്ട്. പ്ലാറ്റോ പറയുന്ന ഒരു ഗുഹയെ കുറിച്ചുള്ള രൂപകകഥ ഈ ദിശയിലുള്ളതാണ്. ഒരു ഗുഹയിൽ തിരിഞ്ഞുനോക്കാനാവാത്ത വിധം കെട്ടിയിട്ട മനുഷ്യരുണ്ട്. മുൻപിൽ തിരശ്ശീലപോലെ ഒരു മതിൽ. പിന്നിൽ പാവകളിക്കാൻ പറ്റിയ ഉയർന്ന പ്രതലം. അതിനു പിന്നിൽ പാവകളിക്കാർക്ക് പാവകളി നടത്താൻ സൗകര്യമായ താഴ്ന്ന നിലം. ഏറ്റവും പുറകിൽ തീ. പുറകിൽ തീ ഉള്ളതുകൊണ്ട് ബന്ധിതരായ മനുഷ്യർ അവർക്കുനേരെയുള്ള മതിലിൽ പാവകളിയുടെ നിഴൽ കാണുന്നു. അവർ കാണുന്നത് ആ നിഴൽ മാത്രമാണ്. അവർ പരസ്പരം സംസാരിക്കുകയാണെങ്കിൽ ആ നിഴലുകളെ യാഥാർത്ഥ്യമായി മനസ്സിലാക്കിക്കൊണ്ടാണ് സംസാരിക്കുക. ആ കാണുന്നതിൽനിന്ന് അവർക്ക് സങ്കൽപ്പങ്ങളുണ്ടാവും. പക്ഷെ അവർ കരുതുന്നത് ആ സങ്കൽപ്പങ്ങൾ ഈ നിഴലുകളുടേതാണെന്നാണ്. അവർക്ക് യാഥാർത്ഥ്യം മനസ്സിലാകണമെങ്കിൽ തിരിഞ്ഞുനോക്കണം. സാധാരണജീവിതത്തിൽ നാം ഇന്ദ്രിയാനുഭവങ്ങളിലൂടെ നേടുന്നതല്ല യഥാർത്ഥ ജ്ഞാനം. മറിച്ച് മനനത്തിലൂടെ, യുക്തിയിലൂടെ, ദ്വന്ദ്വാത്മകമായ താത്വിക സംവാദത്തിലൂടെ എത്തിച്ചേരുന്ന ശുദ്ധരൂപങ്ങളാണ് യഥാർത്ഥം. രൂപകകഥയുടെ പാഠം അതാണ്.

**വാദം**

തുറന്ന, സ്വതന്ത്രമായ, ചർച്ചയാണ് തത്വചിന്തയെ സാധ്യമാക്കുന്ന ഒരു പ്രധാന ഘടകം. ഒരു ചർച്ച നടക്കാൻ കുറേ കാര്യങ്ങൾ ആവശ്യമാണ്. ചർച്ചയിൽ വാദപ്രതിവാദങ്ങളുണ്ടാകും. വാദം സ്ഥാപിക്കാൻ തെളിവ് വേണം. അനുമാനം സാധ്യമാകണമെങ്കിൽ ചില പൊതുനിയമങ്ങളെ ആശ്രയിക്കേണ്ടിവരും. എന്താണ് യുക്തിപരമായ ചർച്ച എന്ന് നിർണ്ണയിക്കുന്ന നിയമങ്ങൾ. പ്രസ്താവനകളുടെ കൂട്ടത്തെ ചർച്ചയാണോ അല്ലയോ എന്ന് തീരുമാനിക്കുന്നത് ചർച്ചയെ കുറിച്ചുള്ള നിയമമാണ്. ഉദാഹരണത്തിന് ഒരാൾ പറയുന്നു, 'നിങ്ങൾ പറയുന്നത് ശരിയല്ല'. അയാൾ അത്രമാത്രമേ പറയുന്നുള്ളൂ എങ്കിൽ, ആ പറഞ്ഞതിനെ സാധൂകരിക്കുന്ന വാദം ഉന്നയിക്കുന്നില്ലെങ്കിൽ, അത് ചർച്ചയല്ല. സംവാദത്തിന് നിയമം ഒഴിച്ചുകൂടാനാവാത്തതാണ്. ചർച്ചയുണ്ടെങ്കിൽ അതിന് ചട്ടങ്ങളുമുണ്ടാകും. ചിന്തയും ചർച്ചയും ചില പൊതുനിയമങ്ങളോടൊപ്പമാണ് സാധ്യമാകുന്നത്. യുക്തിയെ കുറിച്ച് ഒരു പൊതു സങ്കൽപ്പമില്ലെങ്കിൽ ഒരു താത്വികപ്രസ്താവനയെ വിശദീകരിക്കാൻ കഴിയില്ല. സംവാദം സാധ്യമാകുന്നത് അതിന് തർക്കശാസ്ത്രത്തിന്റെ, ചില യുക്തിസങ്കൽപ്പങ്ങളുടേയെങ്കിലും, പിൻബലമുള്ളതുകൊണ്ടാണ്.

എല്ലാ മനുഷ്യരും മരിക്കും
സോക്രട്ടീസ് ഒരു മനുഷ്യനാണ്
അതുകൊണ്ട് സോക്രട്ടീസ് മരിക്കും.

താർക്കികന്മാരുടെ ഭാഷയിൽ ഇത് ഒരു സാധുവായ വാദമാണ്. മൂന്നാമത്തെ പ്രസ്താവനയ്ക്ക് യുക്തി നൽകുന്നത് മറ്റു രണ്ടു പ്രസ്താവനകളാണ്. ആദ്യത്തെ രണ്ട് പ്രസ്താവനകളേയും തർക്കശാസ്ത്രത്തിൽ ആധാരവാക്യം (premise) എന്നും മൂന്നാമത്തേതിനെ നിഗമനം (conclusion) എന്നുമാണ് വിളിക്കുന്നത്. ഒരു വാദത്തിൽ നിരവധി ആധാരവാക്യങ്ങളുണ്ടാകാം. ഒരു നിഗമനവും.

സാധാരണ ജീവിതത്തിൽ സംഭാഷണത്തിലും എഴുത്തിലും 'അതുകൊണ്ട്,' 'കാരണം,' 'ആയതുകൊണ്ട്,' 'തത്ഫലമായി' തുടങ്ങിയ പദപ്രയോഗങ്ങൾ കാണാം. അവയെല്ലാം നിഗമനത്തെ സൂചിപ്പിക്കുന്നവയാണ്. 'അത് ദ്യോതിപ്പിക്കുന്നത് ഇതാണ്', 'ഫലം ഇതാണ്', 'അതിന്റെയൊക്കെ കാര്യം ഇതാണ്' തുടങ്ങിയ അർദ്ധവാക്യങ്ങളും സൂചിപ്പിക്കുന്നത് നിഗമനത്തെയാണ്. അതുപോലെ 'ഇങ്ങനെ നിരീക്ഷിക്കപ്പെടുന്നു...', 'ഈ പ്രസക്തമായ വസ്തുത....,' എന്നിങ്ങനെ തുടങ്ങുന്ന വാചകങ്ങൾ ആധാരവാക്യത്തേയാണ് ഉദ്ഘാടനം ചെയ്യുന്നത്.

എല്ലാ വാക്യങ്ങളുടെ കൂട്ടവും വാദത്തെ ഉണ്ടാക്കുന്നില്ല. വാദത്തിലെ വാക്യങ്ങൾ പ്രസ്താവിക്കുന്നവയാകണം. സത്യമോ അസത്യമോ ആകുന്ന പ്രസ്താവന. ചോദ്യം, ഉത്തരവ്, വൈകാരികപ്രകടനം എന്നിവയുള്ള വാക്യങ്ങൾ പ്രസ്താവനകളല്ല. പ്രസ്താവിക്കുന്ന വാക്യങ്ങളുടെ വെറും കൂട്ടവും വാദമാകുന്നില്ല. വാദമാകണമെങ്കിൽ പ്രസ്താവനകൾ തമ്മിൽ ഒരു നിഗമനത്തെ ലക്ഷ്യമാക്കിയുള്ള യുക്തിപരമായ ബന്ധം വേണം. ഏതെങ്കിലും തരത്തിലുള്ള വിശദീകരണം അതിനെ വാസ്തവമായി സ്വീകരിക്കാനുള്ള

യുക്തിയുടെ അഭാവത്തിൽ വാദമാവില്ല. പറയുന്ന ആളുടെ ആധികാരികത പോര പ്രസ്താവനയെ വാസ്തവമായി സ്വീകരിക്കാൻ. 'ഞാൻ ദൈവത്തിൽ വിശ്വസിക്കുന്നു, കാരണം എന്നെ അങ്ങനെയാണ് വളർത്തിയത്'. ഇവിടെ 'കാരണം' പറയുന്ന ആളുടെ വിശ്വാസത്തെ സൂചിപ്പിക്കുന്നതാണ്. ആധാരവാക്യങ്ങളുടെ വാസ്തവികതയെ സൂചിപ്പിക്കുന്നതല്ല.

ഒരു വാദം സാധുവാകുന്നത് അതിന്റെ ആധാരവാക്യങ്ങളെല്ലാം സത്യമായിരിക്കുകയും അതേസമയം നിഗമനം അസത്യമാകുകയും ചെയ്യുക അസാധ്യമാകുമ്പോഴാണ്. ആധാരവാക്യങ്ങൾ സത്യമാകുകയും നിഗമനം അസത്യമാവുകയും ചെയ്യുന്നത് സാധ്യമാവുമ്പോൾ വാദം അസാധുവാകുന്നു. എന്തുകൊണ്ടാണ് ആധാരവാക്യങ്ങൾ സത്യമാവുകയും നിഗമനം അസത്യമാകുകയും ചെയ്യുന്നത് അസാധ്യമാകുന്നത് എന്ന് ചോദിക്കാം. ഉത്തരം ഇതാണ്: നിഗമനത്തിൽ എത്തിച്ചേരുന്നതെന്തോ അത് ആധാരവാക്യങ്ങളിൽ നേരത്തെ അടങ്ങിയിട്ടുള്ളതുകൊണ്ട്. പറഞ്ഞതു തന്നെ പറയുമ്പോൾ ആദ്യം പറഞ്ഞത് സത്യവും രണ്ടാമത് പറഞ്ഞത് അസത്യവുമാകുകയില്ലല്ലോ. നിഗമനത്തിലുള്ളത് ആധാരവാക്യങ്ങളിലുള്ളതുതന്നെയാണ്. ഇതിനെ നിഗമനാത്മകവാദം (deductive argument) എന്നു വിളിക്കുന്നു. ആധാരവാക്യങ്ങളിൽ അടങ്ങിയിട്ടില്ലാത്ത നിഗമനങ്ങൾ വരുന്ന വാദത്തെ അനുമാനാത്മകവാദം (inductive argument) എന്നു വിളിക്കുന്നു. ഇതിൽ ആധാരവാക്യങ്ങൾ സത്യമായിരിക്കുകയും നിഗമനം അസത്യമായിരിക്കുകയും ചെയ്യുക സാധ്യമാണ്.

നിഗമനാത്മകവാദത്തിൽ ആധാരവാക്യങ്ങളിലെ സത്യം നിഗമനം സത്യമാകുന്നതിന് പൂർണ്ണമായ ഉറപ്പു നൽകുന്നു. തെളിവുകളുടെ ബലമുള്ള അനുമാനാത്മക വാദത്തിലാകട്ടെ ആധാരവാക്യങ്ങൾ അനുമാനം സത്യമാവാനുള്ള സാധ്യത ഏറെക്കുറെ ഉറപ്പുവരുത്തുന്നു. അനുഭവത്തിൽനിന്ന് പഠിക്കുക എന്ന ആശയമാണ് അനുമാനാത്മക യുക്തിയ്ക്ക് പുറകിൽ. സാധാരണമായ ചില അനുമാനങ്ങൾ മുതൽ സങ്കീർണ്ണമായവ വരെ ഈ വകുപ്പിൽ പെടുന്നു. ഉദാഹരണങ്ങൾ: 1. ഇന്നലേയും ഓർമ്മവെച്ച നാൾ മുതലും സൂര്യൻ കിഴക്കുദിച്ചിരുന്നു. ഇന്നും കിഴക്കുദിച്ചു. അതുകൊണ്ട് നാളെ സൂര്യൻ കിഴക്കുദിക്കും. 2. കാപ്പിയിൽ പഞ്ചസാര ഇട്ട് ഇളക്കിയാൽ കാപ്പി മധുരിക്കും. 3. (സങ്കീർണ്ണമായത്) വസ്തുക്കൾ ചലിക്കുന്നത് ന്യൂട്ടന്റെ നിയമങ്ങൾ അനുസരിച്ചാണ്.

അനുമാനാത്മക നിഗമനങ്ങൾ നാം നിത്യവും നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. വളരെ ഫലപ്രദമാംവിധം. നാം അറിയുന്നില്ലെന്ന് മാത്രം. സ്ഥിരമായി കണ്ണട ധരിക്കുന്ന ആൾ കണ്ണടയിൽകൂടിയാണ് നോക്കുന്നത് എന്ന് തിരിച്ചറിയാത്തതുപോലെ. അനുമാനാത്മക നിഗമനങ്ങൾ പുതിയ അറിവുകളിലേയ്ക്ക് യുക്തിപൂർവ്വം നയിക്കും. ആ നിലയ്ക്ക് അതിന്റെ ഉപയോഗം മനുഷ്യജീവിതത്തിൽ വളരെ വിലപ്പെട്ടതാണ്. പക്ഷെ നിഗമനങ്ങൾ തെറ്റാനുള്ള സാധ്യത സദാ നിലനിൽക്കുകയും ചെയ്യുന്നു.

നിഗമനാത്മകവാദം ഒന്നുകിൽ സാധുവാണ് അല്ലെങ്കിൽ അസാധുവാണ്. ഈ ദ്വന്ദ്വത്തിനിടയിൽ അതിന് സ്ഥാനം പിടിക്കാനാവില്ല. അനുമാനാത്മകവാദത്തിൽ നിഗമനം ശരിയാവാനുള്ള സാധ്യതയിൽ ഏറ്റക്കുറച്ചിലുണ്ടാകാം. വളരെ വ്യക്തമായ തെളിവുകൾ ഉണ്ടെങ്കിൽ ശരിയാവാനുള്ള സാധ്യത വളരെ കൂടുതലാണെന്ന് പറയാം. ആദ്യത്തേതിൽകൂടുതൽ സാധുവാണ് എന്ന് പറയാൻ പറ്റില്ല. രണ്ടാമത്തേതിൽ തെളിവുകളുടെ ശക്തിയനുസരിച്ച് ശരിയാവാനുള്ള കൂടിയ സാധ്യതയെ കുറിച്ച് പറയാനാകും.

യുക്തിയുടെ നിയമങ്ങൾ തെറ്റിച്ചാൽ യുക്തിപരമായ ആഭാസമായി (fallacy). സാധാരണ സംഭാഷണങ്ങളിൽ ധാരാളം കാണാം അത്തരം ആഭാസങ്ങൾ. ഒരു പ്രസ്താവനയിൽ നിന്ന് മറ്റൊരു പ്രസ്താവനയിലേയ്ക്ക് പകരുന്ന നിഹിതാർത്ഥത്തെ (implication) തെറ്റിദ്ധരിച്ചുള്ളവ. മതിയായ ഉപാധിയേയും (susfficient condition) അനിവാര്യമായ ഉപാധിയേയും (necessary condition) വേർതിരിച്ചറിയാതെ സംഭവിക്കുന്ന ആഭാസം അവയിലൊന്നാണ്. റോഡ് നനഞ്ഞു കാണുമ്പോൾ ഇന്നലെ മഴ പെയ്തിരുന്നു എന്ന് കരുതുന്നത് സ്വാഭാവികമായ, പക്ഷെ താർക്കികമായി ആഭാസമായ, ഒരു നിഗമനമാണ്. റോഡ് നനയാൻ മഴ പെയ്യുന്നത് മതിയായ കാരണമാണ് (കാരണം ഉപാധികളിലൊന്നാണ്). പക്ഷെ അനിവാര്യമായ ഉപാധിയല്ല. ആരെങ്കിലും വെള്ളമൊഴിച്ചാലും പൈപ്പ് പൊട്ടിയാലുമൊക്കെ റോഡ് നനയാം.

സാധാരണ നിലയിൽ ഒരാൾ ഒരു കാര്യം പറയുന്നു. പിന്നീട് മറ്റൊരു കാര്യം പറയുന്നു. രണ്ടാമത്തേത് ആദ്യത്തേതിന്റെ ഫലമാണെന്ന രീതിയിൽ. ഒന്നാമത്തെ പ്രസ്താവനയിൽ നിന്ന് രണ്ടാമത്തെ പ്രസ്തവനയിലേയ്ക്ക് പോകുന്നത് തർക്കനിയമമോ തത്തുല്യമായ എന്തെങ്കിലും തെളിവും ഉറപ്പും നൽകുന്ന നിയമത്തിന്റെയോ ബലത്തിലാണ്. രണ്ടാമത്തേത് ഒന്നാമത്തേതിന്റെ ഫലമാണ് എന്ന് ഉറപ്പിക്കുന്നത് ഈ തർക്കഘടനയാണ്. ഈ നിയമം ഒരു ക്രമത്തിന്റെയാണ്. ഈ നിയമത്തിലുള്ളത് കേവലമായ അധികാരവും അതിന്റെ അനുശീലനവുമാണ്. പക്ഷെ രാഷ്ട്രീയമായ അധികാരമല്ല. അന്തർലീനമായ അധികാരമാണ്. ചിന്താസ്വാതന്ത്ര്യം ആശ്ലേഷിക്കുന്ന, സ്വീകരിച്ച, അധികാരമാണ്. അന്തർവ്വർത്തിയായ ഈ യുക്തിയുടെ കേവലമായ നിർണ്ണയമില്ലെങ്കിൽ സംവാദം സാധ്യമല്ല, തത്വചിന്ത സാധ്യമല്ല.

എന്തെങ്കിലും ഒന്ന് സ്ഥിരീകരിച്ചുകഴിഞ്ഞാൽ അത് വാസ്തവമാണോ എന്ന് പരിശോധിക്കാൻ കഴിയും എന്ന ആശയമാണ് പ്രമാണം (proof). എല്ലാ ഗണിതപ്രസ്താവനകളും (mathematical propositions) തെളിയിക്കാൻ, പ്രമാണീകരിക്കാൻ, കഴിയുമെന്ന കണ്ടെത്തലിനോടൊപ്പമുള്ളതാണ് പ്രമാണീകരണം. ഇതനുസരിച്ച് ഒരോ ഗണിതവാക്യത്തിനും പ്രമാണമുണ്ട് (proof) (What is philosophy, lecuture by Allain Badiou, 2010, p.61). ചില വശങ്ങൾ നോക്കുമ്പോൾ ഗണിതം ചിന്തയുടെ അസാധാരണമായ സർഗ്ഗാത്മകതയാണ്. മറ്റു വശങ്ങൾ നോക്കുമ്പോൾ ഗണിതം തർക്കനിയമത്തിന്റെ സർവ്വാധിപത്യമാണ് (Ibid p.62). ■

**കേരളീയം ഡിജിറ്റൽ ആർക്കൈവ്**

1998 നവംബർ മുതൽ പ്രസിദ്ധീകരിക്കുന്ന
കേരളീയം മാസികയുടെ ഡിജിറ്റൽ കോപ്പികൾ
വായിക്കാൻ സന്ദർശിക്കുക.
www.keraleeyammasika.com